പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 154 08-06-2015 - ൽ മറുപടിയ്ക്ക്

**കടലാക്രമണ നഷ്ടപരിഹാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.പ്രദീപ്കുമാർ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആരിൽ നിന്നെല്ലാമാണ് അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ ; | എ) | 01-01-2015 മുതൽ കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) ശ്രീ.മഹേഷ്.ടി, തൂവ്വക്കാട് പറമ്പിൽ,ചേമഞ്ചേരി - ബോട്ട് തകർന്നത്.<br>2) ശ്രീ. ടി.എ.വിജയരാജൻ , S/o. രാജൻ, പുതിയാപ്പ. |
| ബി) | പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും, അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വ്യക്തമാക്കുമോ ? | ബി) | (1) ശ്രീ. മഹേഷ്.ടി, തൂവ്വക്കാട് പറമ്പിൽ, ചേമഞ്ചേരി - ടിയാൻെറ ബോട്ട് 07-03-15-ാം തീയതി പുതിയാപ്പ ഹാർബറിൽ വെച്ച് തകരുകയു ണ്ടായി ഈ അപേക്ഷ നഷ്ടം കണക്കാക്കുന്നതിനും തുടർനടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുന്നു.<br>(2) ശ്രീ. ടി.എ.വിജയരാജൻ, S/o.രാജൻ, പുതിയാപ്പ എന്നയാളുടെ സൗപർണിക എന്ന ബോട്ട് 29-4-2015 ൽ കടൽക്ഷോഭത്തിൽ മുങ്ങിപ്പോയി. മേൽ അപേക്ഷയും നഷ്ടം കണക്കാക്കുന്നതിനും തുടർ നടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ